# മണ്ണാറപ്രായിലച്ചൻ സത്യം പറഞ്ഞുതുടങ്ങി....

**ജോർജ് വറുഗീസ് വയലിപ്പറമ്പിൽ പൈനാടത്ത്**
*M.S.O.T സെമിനാരി, മുളന്തുരുത്തി*

കർത്താവിൽ എന്റെ സഹോദരൻ ടി. വി. ഡാനിയേലിന്,

ആലുവയിൽ കബറടങ്ങിയിരിക്കുന്ന നാല് മെത്രാന്മാരിൽ മൂന്നുപേരും പാത്രിയർക്കീസ് പക്ഷക്കാരായിരുന്നു എന്ന് മണ്ണാറപ്രായിൽ ജേക്കബ് കോറെപ്പിസ്ക്കോപ്പ ജോസഫ് കാരയ്ക്കാട്ട് അച്ചനോട് വെളിപ്പെടുത്തിയതായി മലങ്കര സഭാദീപത്തിൽ വന്നവാർത്തയെ നിരാകരിച്ചുകൊണ്ട് അങ്ങയുടേതായി 2004 ജൂൺ 16–30 ലക്കം മലങ്കര സഭാദീപത്തിൽ വന്ന ലേഖനമാണ് ഈ കുറിപ്പിനടിസ്ഥാനം.

അങ്ങ്, അഭി. കടവിൽ പൗലോസ് മോർ അത്താനാസിയോസ് (പ്രഥമൻ) തിരുമേനിയും, അഭി. വയലിപ്പറമ്പിൽ (പൈനാടത്ത്) ഗീവർഗ്ഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയും മെത്രാൻകക്ഷിക്കാരായിരുന്നു എന്ന് സ്ഥാപിക്കുവാൻ വളരെയധികം പരിശ്രമിച്ചിട്ടുണ്ട്. അതിൽ അങ്ങയെ പൂർണ്ണമായി അഭിനന്ദിക്കുന്നു. എന്നാൽ അങ്ങയുടെ സൃഷ്ടിയെ വെള്ളത്തിൽ ആണിയടിക്കുവാൻ ശ്രമിക്കുന്ന ബുദ്ധിശൂന്യനായ മനുഷ്യന്റെ പ്രവൃത്തിപോലെ കണ്ട് തള്ളിക്കളയുന്നു.

അഭി. കടവിൽ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയെക്കുറിച്ച് ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. കേവലം 1912–ലെ സൃഷ്ടിയായ കാതോലിക്കേറ്റിന്റെയും 21–ാം നൂറ്റാണ്ടിന്റെ സൃഷ്ടിയായ ഇന്ത്യൻ ഓർത്തഡോക്സ് (മെത്രാൻ കക്ഷി) സഭയുടെയും അംഗം ആയിരുന്നു 1902ന് മുമ്പ് ജീവിച്ചിരുന്ന അഭി. കടവിൽ തിരുമേനി എന്ന് പറയുന്നത് ശുദ്ധ അബദ്ധമല്ലേ. ഒരു പാത്രത്തിൽ ഇരിക്കുന്ന പാല് മോരാണെന്ന് പറയുന്നതിന് തുല്യമല്ലേ അഭി. തിരുമേനി മെത്രാൻകക്ഷിക്കാരനായിരുന്നു എന്നുപറയുന്നത്. അഭി. കടവിൽ തിരുമേനി പൂർണ്ണമായും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് കീഴ്പ്പെട്ടിരുന്ന പിതാവായിരുന്നു എന്ന് മനസ്സിലാക്കുന്നതിന് അദ്ദേഹം പരിശുദ്ധ സഭയ്ക്ക് ദാനമായി നല്കിയ കുടുംബസ്വത്തിന്റെ (ആലുവ തൃക്കുന്നത്ത് സെമിനാരി ഇരിക്കുന്ന സ്ഥലം) ആധാരം പരിശോധിച്ചാൽ മതിയാകും. ഇങ്ങനെയെങ്കിൽ ക്രിസ്തുമതത്തിന്റെ അടിസ്ഥാനമായ ക്രിസ്തുവും മെത്രാൻകക്ഷിക്കാരനാണെന്ന് (ഇന്ത്യൻ ഓർത്തഡോക്സുകാരൻ) പറയുവാൻ അങ്ങു മടിക്കില്ലല്ലോ.

ഇനി വയലിപ്പറമ്പിൽ (പൈനാടത്ത്) അഭി. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയെക്കുറിച്ച് ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. അദ്ദേഹം പൂർണ്ണമായും സഭയുടെ

യോജിപ്പിനായി പ്രയത്നിക്കുകയും അതു നടപ്പിൽ വരുത്തുകയും ചെയ്ത സഭാസമാധാനസ്ഥാപകനാണ്. തന്റെ കുടുംബാംഗവും മുൻഗാമിയുമായിരുന്ന കുറ്റിക്കാട്ടിൽ (പൈനാടത്ത്) അഭി. പൗലോസ് മോർ അത്താനാസിയോസ് (ആലുവയിലെ വലിയതിരുമേനി) തുടങ്ങിവച്ച അന്ത്യോഖ്യാ വിശ്വാസസംരക്ഷണത്തിന് പൂർണ്ണത വരുത്തുകയാണ് സമാധാനയജ്ഞത്തിലൂടെ അദ്ദേഹം ചെയ്തത്. ഇത് പൂർണ്ണമായും തന്റെമേൽ അധികാരം നടത്തിയിരുന്ന പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കല്പനയുടെ അടിസ്ഥാനത്തിൽ ആയിരുന്നു. തന്റെ കൃത്യനിർവഹണത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ 571/75–ാം നമ്പർ കല്പന ഇതിനു തെളിവായി വയ്ക്കട്ടെ. മാത്രവുമല്ല ഇതു സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ എന്ന ക്രിസ്തുവിന്റെ കല്പന നടപ്പിൽ വരുത്തുകയായിരുന്നു.

ഇനി നാമമാത്രമായി ഔഗേൻ ബാവായും വയലിപ്പറമ്പിൽ തിരുമേനിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഔഗേൻ ബാവ അഭി. വയലിപ്പറമ്പിൽ തിരുമേനിയുടെ മാതൃസഹോദരനും പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ കൈവയ്പ്പ് നൽകി പരിശുദ്ധ മലങ്കര യാക്കോബായ സുറിയാനിസഭയുടെ കാതോലിക്കയായി വാഴിക്കപ്പെട്ട വ്യക്തിയായിരുന്നു. മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ അമ്മാവനും യാക്കോബായ സുറിയാനി സഭയുടെ കാതോലിക്കായുമായ ഔഗേൻ ബാവ മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ കബറടക്കത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു എന്നതുകൊണ്ട് മോർ ഗ്രീഗോറിയോസ് തിരുമേനി ഓർത്തഡോക്സുകാരനാകുമോ? എങ്കിൽ തൃക്കുന്നത്ത് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ കബറടക്കത്തിന് സംബന്ധിച്ച ഹിന്ദുക്കളുടെയും മുസ്ലീം സമുദായ അംഗങ്ങളുടെയും കൂട്ടത്തിലും അങ്ങു മോർ ഗ്രീഗോറിയോസ് തിരുമേനിയെ എണ്ണുമല്ലോ.

1958–ലെ യോജിപ്പിനുശേഷം ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സിനഡിൽ കാള പൂട്ടുന്നിടത്ത് സംസാരിക്കുന്ന ഭാഷയിൽ സംസാരിക്കരുത് എന്ന് പറഞ്ഞുകൊണ്ട് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുടെ അശ്ലീല സംസ്കാരത്തിന് കടിഞ്ഞാണിട്ടതും, സഭായോജിപ്പിന് ശേഷം കോട്ടയം കാതോലിക്കേറ്റ് സെന്ററിൽ വെച്ച് തലയിൽ മസനപ്സ അണിയിച്ചുകൊണ്ട് തന്നെ സ്വീകരിക്കുവാൻ ശ്രമിച്ച ഗീവർഗീസ് ദ്വിതീയൻ കാതോലിക്കയോട് താൻ നോമ്പും പ്രാർത്ഥനയും എടുത്ത് പരിശുദ്ധ അന്ത്യോഖ്യാ പാത്രികയർക്കീസിൽ നിന്നും സ്വീകരിച്ചിരിക്കുന്നതും ധരിച്ചിരിക്കുന്നതുമായ ഈ മസനപ്സയ്ക്ക് ഉപരിയായി മറ്റൊന്ന് വേണ്ടെന്ന് പറഞ്ഞുകൊണ്ട് ഗീവർഗീസ് ദ്വിതീയന്റെ കുതന്ത്രമായ യജ്ഞത്തെ തടഞ്ഞതും വയലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് തിരുമേനി ആയിരുന്നു. ഈ സംഗതികളെല്ലാം തന്റെ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായോടുണ്ടായിരുന്ന പൂർണ്ണവിധേയത്വത്തേയും അനുസരണത്തേയും ആണ് കാണിക്കുന്നത്.

ഇനിയും തെളിവുകൾ ആവശ്യമെങ്കിൽ ജീവിച്ചിരുന്നപ്പോൾ തന്റെ കുടുംബാംഗങ്ങളായ ചെറിയ വയലിപ്പറമ്പിൽ ശ്രീ ഇട്ടി കുര്യത്, പൗലോസ്, ഇട്ടിരപ്പിള്ള, വയലിപ്പറ

മ്പിൽ ശ്രീ തോമ്മ കൊച്ചുമാത്തു എന്നിവർ ഇഷ്ടദാനമായി നൽകിയതും തന്റെ പിതാവിൽ നിന്ന് തനിക്ക് ഇഷ്ടദാനമായി ലഭിച്ചതുമായ നെടുമ്പാശ്ശേരി ഹൈസ്ക്കൂളും അതിന്റെ പ്ലേഗ്രൗണ്ടും അടങ്ങുന്ന ഏകദേശം 8 ഏക്കർ സ്ഥലത്തിന്റെ പിൻഗാമിത്വത്തെക്കുറിച്ച് തയ്യാറാക്കിയിരിക്കുന്ന 1123/19–ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിരിക്കുന്ന വിൽപത്രം ഒന്നു വായിച്ചുനോക്കിയാൽ മതിയാകും. പരിശുദ്ധ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെടുന്നതും അംഗീകരിക്കപ്പെടുന്നതുമായ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായ്ക്കാണ് അതിന്റെ നടത്തിപ്പിനുള്ള പിൻഗാമിത്വം. അവിടെ 34–ലെ ഭരണഘടനയ്ക്കോ കാതോലിക്കായ്ക്കോ പുല്ലുവില പോലും കല്പിക്കുന്നില്ല. ഇത്രയും മതിയാകുമല്ലോ!

വെഘുതെ എന്തിനാ സഹോദരാ ചത്ത കൊച്ചിന്റെ ജാതകമെഴുതി കഷ്ടപ്പെടുന്നത്? വെള്ളിക്കിണ്ണത്തിൽ ഇരിക്കുന്നു എന്നതുകൊണ്ട് സ്വർണ്ണം സ്വർണ്ണമല്ലാതായിത്തീരുമോ? മേൽപ്രസ്താവിച്ച സത്യത്തെ മറച്ചുവച്ചുകൊണ്ട് അങ്ങു നടത്തുന്ന പ്രസ്താവന വായിക്കുമ്പോൾ നിങ്ങൾ ഒട്ടകത്തെ വിഴുങ്ങിക്കളയുകയും, കൊതുകിനെ അരിച്ചെടുക്കുകയും ചെയ്യുന്നു എന്ന് പരീശന്മാരെക്കുറിച്ചുള്ള ക്രിസ്തുവിന്റെ വചനമാണ് ഓർമ്മയിൽ തുടിക്കുന്നത്.

ഇത്രയും എഴുതേണ്ടിവന്നതിൽ സഹോദരൻ ക്ഷമിക്കുമല്ലോ? സഭയെത്തിന്നുന്ന ഇത്തിൾക്കണ്ണികളായ കള്ള ഇടയന്മാർക്ക് ഓശാന പാടാൻ നില്ക്കാതെ അങ്ങ് പരിശുദ്ധ സഭയുടെ സമാധാനത്തിനായി പ്രാർത്ഥിക്കുമല്ലോ.

*Source:* മലങ്കര ശബ്ദം
*September 2004 issue*